വേണ്ട പണം മുമ്പ് ഫിലിം പ്രദർശിപ്പിച്ചും ഗുസ്തിമത്സരം സംഘടിപ്പിച്ചുമാണത്രേ പിരിച്ചെടുത്തിരുന്നത്. ദില്ലിയിലെ 'അമൃത് ചോപ്ര' എന്ന ആളാണ് ഈ ഭാഗ്യക്കുറികൾ സംഘടിപ്പിക്കുന്നത്. ചണ്ഡീഗഡ് ഭരണകൂടത്തിന്റെയും ചില സ്റ്റേറ്റുകളുടെയും ഭാഗ്യക്കുറികളും ശ്രീ ചോപ്ര നടത്തിക്കൊടുക്കുന്നുണ്ട്. 'മെസ്സേഴ്സ് അയ്യർ ആൻഡ് സൺസ്'' എന്ന മറ്റൊരു ദില്ലി സ്ഥാപനത്തിനും പല ലോട്ടറികളുമായി ബന്ധമുണ്ട്. ഇവർ നടത്തുന്ന ഒരു ലോട്ടറിക്ക് ശാരദാപീഠം ശങ്കരാചാര്യരുടെ അനുഗ്രഹമുണ്ടെന്ന പ്രചാരം, പിന്നീട് ശങ്കരാചാര്യർ നിഷേധിക്കുകയുണ്ടായി.

ബിഹാർ ചേംബർ ഓഫ് കൊമേഴ്സിന് ലോട്ടറി നടത്താനുള്ള അനുവാദം ബിഹാർ ഗവണ്മെന്റ് കൊടുത്തിട്ടുണ്ട്. വാണിജ്യമണ്ഡലം ഒരു 'ധർമ' സ്ഥാപനമായിരിക്കാം. അപ്രസിദ്ധങ്ങളായ പല സ്ഥാപനങ്ങളുടെ പേരിലും ലോട്ടറികൾ നടത്തപ്പെടുന്നുണ്ടെന്നതു് ഒരു വസ്തുതയാണ്. ഈ സ്ഥാപനങ്ങൾക്ക് അച്ചടിച്ച ടിക്കറ്റിന്റെ മുഖവിലയുടെ അര ശതമാനം മുതൽ മൂന്നു ശതമാനം വരെയുള്ള തുകയാണ് സാധാരണയായി ലോട്ടറി നടത്തിപ്പുകാരിൽനിന്നു ലഭിക്കുന്നത്. കേന്ദ്രഗവണ്മെന്റ് നിർദേശമാകട്ടെ മുഖവിലയുടെ പതിനഞ്ചു ശതമാനം ധർമസ്ഥാപനങ്ങൾക്കു നൽകപ്പെടണമെന്നാണ്. പക്ഷേ, നിർദേശമാണ്, അതു കല്പനയല്ല. അതിനാൽ അതു വിലവെക്കപ്പെടുന്നുമില്ല.

ഇന്ത്യയിൽ സർക്കാരിന്റെ അനുമതിയോടെ പരസ്യമായി നടക്കുന്ന തട്ടിപ്പുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ലോട്ടറി എന്ന് ഇത്രയുംകൊണ്ടു വ്യക്തമായിരിക്കും. പക്ഷേ, ആരുണ്ട് ഈ തിന്മയെ എതിർക്കാൻ?

ഈ ലേഖനത്തിലെ പല വിവരങ്ങൾക്കും ഞാൻ സ്റ്റേറ്റ്സ്മാൻ പത്രത്തിന്റെ 1985 ഫെബ്രുവരി 20, 21 തീയതികളിലെ ലക്കങ്ങളോടു കടപ്പെട്ടിരിക്കുന്നു.

(27, ഫെബ്രുവരി, 1985)

## 103. രൂപ സമം പന്ത്രണ്ടു പൈസ

രൂപയ്ക്കു് ഇപ്പോൾ പന്ത്രണ്ടു പൈസയേ വിലയുള്ളൂ. കേന്ദ്രസർക്കാരിൽ ഊർജമന്ത്രിയായ ശ്രീ വസന്ത് സാഠേ 1988 ജനുവരി ഒമ്പതാം തീയതി പ്രസ്താവിച്ചതാണ് ഈ വിവരം. കേന്ദ്രഗവണ്മെന്റ് സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ, കേന്ദ്രമന്ത്രിയായിരുന്ന പരേതനായ മോഹൻ കുമാരമംഗലത്തെ അനുസ്മരിക്കുന്നതിനായി ഹൈദരാബാദിൽ ചെയ്ത ഒരു പ്രസംഗത്തിലാണ് ശ്രീ സാഠേ ഇതു പറഞ്ഞത്. രൂപയുടെ ഈ വിലയിടിവ് കണക്കിലെടുക്കുമ്പോൾ, ഇന്ത്യയിലെ ജനങ്ങളിൽ നൂറിന് എഴുപതുപേരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ (പരമദരിദ്രർ) ആണെന്നും അദ്ദേഹം പറഞ്ഞു. അതായത്, നൂറ് ഇന്ത്യക്കാരിൽ എഴുപതുപേർക്കും തങ്ങളുടെ വരുമാനം ഉപയോഗിച്ച് ഒഴിച്ചുകൂടാത്ത നിത്യോപയോഗസാധനങ്ങൾപോലും വാങ്ങാൻ ഇന്നു കഴിയുന്നില്ല.

കേന്ദ്രമന്ത്രി ഔപചാരികമായ ഒരു പ്രസംഗത്തിൽ പറഞ്ഞതാകയാൽ, ഇതു സത്യംതന്നെയോ എന്നു നാം സംശയിക്കേണ്ടതില്ല. അതിനാൽത്തന്നെ, ഒരു കപ്പു ചീത്ത ചായയ്ക്കു് ഒരു രൂപ കൊടുക്കേണ്ടിവന്നാൽ, അതിൽ പരിതപിക്കേണ്ടതുമില്ല. ഒരു രൂപ കൊടുക്കുമ്പോൾ, നിങ്ങൾ യഥാർത്ഥത്തിൽ ചെലവഴിക്കുന്നതു് പന്ത്രണ്ടു പൈസ മാത്രമാണല്ലോ. പന്ത്രണ്ടു പൈസയുടെ ചായ എത്ര മാത്രം നന്നാവും?

രൂപയ്ക്കു് നൂറു പൈസ വിലയുണ്ടായിരുന്ന ആ നല്ലകാലം എന്നായിരുന്നു? മുമ്പു പറഞ്ഞ പ്രസംഗത്തിൽ മന്ത്രി സാം അതു വ്യക്തമാക്കുന്നില്ല. എങ്കിലും, 1961—ാമാണ്ടിൽ രൂപയ്ക്കു് തൊണ്ണൂറെട്ടു പൈസ വിലയുണ്ടായിരുന്നു എന്നു് അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നുണ്ടു്. ഇക്കഴിഞ്ഞ ഇരുപത്തേഴു വർഷങ്ങളിലാണു് രൂപയ്ക്കു് അതിന്റെ ശരിയായ വിലയായിരുന്ന നൂറു പൈസയിൽ എൺപത്താറു പൈസ നഷ്ടപ്പെട്ടതു്. അതായതു്, ആണ്ടിൽ ശരാശരി മൂന്നേകാൽ പൈസയോളം. ഈ ആണ്ടുകളിൽ രൂപയുടെ വിലയിൽ കുറവു വന്നുകൊണ്ടിരുന്നു. ഇതനുസരിച്ചു്, 1960—ാമാണ്ടിൽ രൂപയ്ക്കു് നൂറു പൈസതന്നെ വിലയുണ്ടായിരുന്നിരിക്കണം. മാത്രമല്ല, വിലയിടിവു് ഈ തോതിൽ തുടർന്നാൽ നാലു വർഷംകൂടി കഴിയുമ്പോഴേക്കു് രൂപയുടെ വില മൈനസ് പൈസയുടെ താഴേക്കു പോകുമെന്നും ഭയപ്പെടണം!

രൂപയുടെ വില ഇങ്ങനെ കുത്തനെ കുറയാൻ എന്താണു കാരണം? വിപണിയിൽ വില്ക്കാനുള്ള വസ്തുക്കൾ കുറവും, ആവശ്യക്കാരുടെ കൈയിൽ ചെലവഴിക്കാനുള്ള നാണയങ്ങൾ കൂടുതലും ആവുന്ന തോതിനു് സാധനവില കൂടുകയും നാണയവില കുറയുകയും ചെയ്യുമെന്നു് സാമാന്യബുദ്ധിയുള്ളവർക്കെല്ലാം അറിയാം. വിപണിയിൽ വില്പനച്ചരക്കുകൾ കുറയുന്നതിന്റെയും, ജനങ്ങളുടെ കൈയിൽ നാണയങ്ങൾ കുന്നുകൂടുന്നതിന്റെയും കാരണം എന്താണെന്നാണു് നമുക്കു് അറിഞ്ഞുകൂടാത്തതു്. ശ്രീ സാം ഇതിന്റെ കാരണം നമ്മോടു പറഞ്ഞു തരുന്നുണ്ടു്. 'നമ്മുടെ വിഭവങ്ങളെ പൊതുനന്മയ്ക്കുവേണ്ടിയും ഉചിതമായും ഉപയോഗപ്പെടുത്തുന്നതിലുള്ള കഴിവുകേടു്'' ആണു് രൂപയുടെ വിലയിടിവിനു് കാരണമെന്നുകൂടി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

ഈ കഴിവുകേടു് ആരുടേതാണു്? അതു നിങ്ങളുടെയും എന്റേയുമാണെന്നു് ശ്രീ സാം പറയുന്നില്ല. അദ്ദേഹം കഴിവുകേടു കാണുന്നതു് മുഖ്യമായും പൊതുമേഖലാസ്ഥാപനങ്ങളിൽ ആണു്. അതായതു് സർക്കാർ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ. ഈ സ്ഥാപനങ്ങൾ ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ചു വിജയം നേടിയിട്ടില്ലെന്നു് ശ്രീ സാം പ്രസ്താവിച്ചു. സമ്പദ്ഘടനയുടെ 'ആധിപത്യം പുലർത്തുന്ന ഔന്നത്യങ്ങളിൽനിന്നു്'' പ്രവർത്തിക്കുന്നതിനു പകരം, 'കൂടുതൽക്കൂടുതൽ ആവശ്യങ്ങളുന്നയിക്കുന്ന ആഴങ്ങളിൽനിന്നു്'' ആണു് അവ പ്രവർത്തിക്കുന്നതു് (ഇംഗ്ലീഷിൽ 'കമാൻഡിങ്ങ് ഹൈറ്റ്സും' 'ഡിമാൻഡിങ്ങ് ഡെപ്ത്സും' തമ്മിലുള്ള വൈരുധ്യത്തിലാണു് മന്ത്രിയുടെ പ്രസംഗത്തിലെ ചമൽക്കാരം അടങ്ങിയിരിക്കുന്നതു്) പൊതുമേഖലാസ്ഥാപനങ്ങൾ നിലനില്ക്കണമെങ്കിൽ, കൂടുതൽക്കൂടുതൽ പണം അവയിൽ നിക്ഷേപിച്ചുകൊണ്ടേയിരിക്കണമെന്നതാണു് ഇന്നത്തെ സ്ഥിതി. 'പൊതുമേഖലാസ്ഥാപനങ്ങളെ നാം കൂടുതൽ കാര്യക്ഷമങ്ങളും ഫലോന്മുഖങ്ങളും ഉത്തരവാദിത്വമുള്ളവയുമാക്കണം.' എന്നു് മന്ത്രി സാം പറഞ്ഞു.

ഇതു് ആരു ചെയ്യും? സർക്കാർ ചെയ്യുമോ?, അതോ നിങ്ങളും ഞാനും ചെയ്യണമോ? മന്ത്രിയുടെ പ്രസംഗം വായിച്ചപ്പോൾ എനിക്കു തോന്നിയതു്, ഈ പ്രവൃത്തി നിങ്ങളും ഞാനും ചെയ്യേണ്ടതാണെന്നാണു് അദ്ദേഹം കരുതുന്നതു് എന്നത്രേ.

രാജസ്ഥാനിലെ 'സരിസ്ക' എന്ന വന്യമൃഗസങ്കേതത്തിൽ ഈയിടെ കേന്ദ്രമന്ത്രിസഭ സമ്മേളിച്ചതിനെ, അനാവശ്യമായ ധൂർത്തെന്നപേരിൽ പൊതുവേ പത്രങ്ങളും എതിർകക്ഷികളും ആക്ഷേപിച്ചിരുന്നു. പക്ഷേ, സരിസ്കയിൽ സമ്മേളിച്ചപ്പോഴാണു് 'രാജ്യത്തിന്റെ മുമ്പിലുള്ള അടിസ്ഥാനപ്രശ്നങ്ങളെപ്പറ്റി ചിന്തിക്കാൻ കേന്ദ്രമന്ത്രിമാർക്കു് അവസരം ലഭിച്ചതു്'' എന്നു് മന്ത്രി സാം പറഞ്ഞിട്ടുണ്ടു്. ഇതു ശരിയെങ്കിൽ, മേലിൽ എല്ലാ മന്ത്രിസഭായോഗങ്ങളും ഏതെങ്കിലും വന്യമൃഗസങ്കേതത്തിൽവച്ചു നടത്തിക്കാണാനായിരിക്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എഴുപതു ശതമാനം ഇന്ത്യക്കാരും ആഗ്രഹിക്കുക.

മന്ത്രിസഭാസമ്മേളനമില്ലാത്തപ്പോൾക്കൂടി, ചിന്തിക്കാനായി കേന്ദ്രമന്ത്രിമാർ വന്യമൃഗസങ്കേതങ്ങളിൽ കൂടെക്കൂടെ പോകട്ടെ!

ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നേടിക്കൊടുക്കുവാൻ 'രാജ്യത്തിനു്' (കൺട്രി) ഇനിയും കഴിഞ്ഞിട്ടില്ലെന്നു് ഔദ്യോഗികങ്ങളായ വസ്തുതകളും കണക്കുകളും കാണിച്ചിട്ടുള്ളതായി ശ്രീ സാഠേ പറഞ്ഞു. ഇതിനു കാരണം, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്നത്തെ 'വ്യവസ്ഥിതി'യിൽ (സിസ്റ്റം) ഉള്ള പല 'പ്രശ്നങ്ങൾ' (പ്രോബ്ളം) ആണു്. പ്ലാനിങ്ങ് തെറ്റായിരുന്നതു നിമിത്തം നമ്മുടെ മനുഷ്യ—ഭൗതിക വിഭവങ്ങൾ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ നമുക്കു കഴിയാതിരുന്നതു് ഇതിന്റെ മറ്റൊരു കാരണമാണത്രേ.

(കൺട്രി, സിസ്റ്റം, പ്രോബ്ളം തുടങ്ങി വളരെ അവ്യക്തങ്ങളായ വാക്കുകൾ രാഷ്ട്രീയക്കാർക്കു പ്രിയപ്പെട്ടവയാണു്. സ്വന്തം കുറ്റം മറ്റുള്ളവരിൽ ചുമത്താനും, യഥാർത്ഥത്തിൽ തങ്ങൾ നിലകൊള്ളുന്നതിനെതിരായ വശത്താണു് തങ്ങളുടെ അനുഭാവം എന്നു വരുത്താനും അവർ ഉപയോഗപ്പെടുത്തുന്നതു് ഇത്തരം അസ്ഫുടാർത്ഥങ്ങളായ വാക്കുകളും ശൈലികളുമാകുന്നു. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നേടിക്കൊടുക്കാൻ ബാദ്ധ്യത 'രാജ്യ'ത്തിനല്ല, സർക്കാരിനാണു്. പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതു് 'വ്യവസ്ഥിതി'യല്ല, രാഷ്ട്രീയപ്രവർത്തകരുടെ സ്വാർത്ഥവും ഹ്രസ്വദൃഷ്ടിയുമാകുന്നു.)

പ്ലാനിങ്ങിൽ വന്ന തകരാറിനു് ഒരു ഉദാഹരണം ശ്രീ സാഠേ ഈ പ്രസംഗത്തിൽ എടുത്തുകാട്ടിയിരുന്നു. 1985 ആവുമ്പോഴേക്കു് ഇന്ത്യയിൽ ആണ്ടുതോറും എട്ടു കോടി ടൺ ഉരുക്കു വീതം ഉല്പാദിപ്പിക്കണമെന്നതായിരുന്നു ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവാഹർലാൽ നെഹ്റുവിന്റെ ലക്ഷ്യം. ഇപ്പോൾ, 1987—ൽ, നാമുണ്ടാക്കിയതു് ഒരു കോടി ഇരുപതുലക്ഷം ടൺ ഉരുക്കു മാത്രമാണു്—ഉദ്ദേശിച്ചതിന്റെ ഏഴിലൊന്നോളം! ഇന്ത്യയിൽ ഒരു ടൺ ഉരുക്കു് ഉണ്ടാക്കാൻ എണ്ണായിരം രൂപ ചെലവുവരും. ലോകത്തിൽ മറ്റൊരു രാജ്യവും ഇത്ര ഉരുക്കുണ്ടാക്കാൻ ഇത്രയേറെ പണം ചെലവഴിക്കുന്നില്ല. അധികം മൂലധനം ഇറക്കേണ്ട ഉരുക്കു്, കൽക്കരി, വൈദ്യുതി മുതലായ വ്യവസായങ്ങളിൽ ആവശ്യത്തിലധികം ജോലിക്കാരെ നിയമിക്കുന്നതു് ആണു് പ്ലാനിങ്ങിന്റെ പരാജയത്തിനു് ഒരു കാരണമെന്നു് സാഠേ പറഞ്ഞു. വ്യവസായത്തിന്റെ ലക്ഷ്യം ഉല്പാദനമാവണം, കൂടുതൽ ആളുകൾക്കു ജോലി നൽകൽ ആകരുതു്.

ഈ തകരാറിനു് ശ്രീ സാഠേ കാണുന്ന പ്രതിവിധി, പൊതുമേഖലയിലെ മേലുദ്യോഗസ്ഥന്മാർക്കു് കൂടുതൽ അധികാരം നൽകുക എന്നതാണു്. ഉത്തരവാദിത്വമുള്ളവർക്കു് അധികാരവും വേണം എന്നു് അദ്ദേഹം പറയുന്നു.

നാട്ടിൽ നിലവിലുള്ള 'വ്യവസ്ഥിതി'യുടെ 'വൈരൂപ്യ'ത്തിൻ ഫലമായി, 'വ്യവസ്ഥിതിയുടെ അന്തർലീനസവിശേഷത' ആയിത്തീർന്നിരിക്കുന്നു അഴിമതി എന്നു് ശ്രീ സാഠേ പ്രസ്താവിച്ചു. അഴിമതിയുടെ ഫലമായി ആയിരക്കണക്കിനു കോടി രൂപയുടെ കള്ളപ്പണം പ്രചാരത്തിലുണ്ടെന്നും, ഒരു പിടി ആളുകളാണു് ഇതൊക്കെ നിയന്ത്രിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഇതിനെന്തു പ്രതിവിധി? അതദ്ദേഹം പറഞ്ഞതായി പ്രസംഗത്തിന്റെ റിപ്പോർട്ടിൽ കണ്ടില്ല. മറ്റൊരു വന്യമൃഗസങ്കേതത്തിലെ കേന്ദ്രമന്ത്രിസഭാസമ്മേളനത്തിനുശേഷം പ്രതിവിധി ഉരുത്തിരിയുമായിരിക്കാം.

തല്ക്കാലം നമുക്കു് പന്ത്രണ്ടു് പൈസ വിലയുള്ള രൂപകൊണ്ടു് തൃപ്തിപ്പെടുക! ഒരു പ്രശ്നവും പരിഹരിക്കാൻ വേണ്ട ശേഷി നമുക്കു് ഇല്ലല്ലോ!

(14 ഫെബ്രുവരി, 1988)